# കേരള സംസ്ഥാന സർവവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ട്

സാംസ്കാരിക വകുപ്പ് , കേരള സർക്കാർ

അറിവ് അനുക്ഷണം വികസിച്ചുകൊണ്ടിരിക്കുന്ന കാലഘട്ടമാണിത്. ശാസ്ത്രസാങ്കേതിക മേഖലകളിലെ വിജ്ഞാനവിസ്ഫോടനവും മനുഷ്യ ചേതനയുടെ സർഗാത്മക തപസ്യയും ഓരോ നിമിഷവും നമ്മുടെ ജ്ഞാനമണ്ഡലത്തെ നവീകരിച്ചുകൊണ്ടിരിക്കുന്നു. അതുകൊണ്ട് നാളിതുവരെ സമാർജിച്ച വൈവിധ്യ മാർന്ന വിജ്ഞാന സമ്പത്ത് സമാഹരിച്ച്, സംഗ്രഹിച്ച്, നിയതരീതിയിൽ സജ്ജീകരിച്ചുവയ്ക്കുന്ന സാംസ്കാരിക പ്രവർത്തനം മുമ്പെന്നത്തേതിലു മേറെ പ്രസക്തമാണ്. സമകാലിക ലോകത്തിൽ വിജ്ഞാനകോശങ്ങൾ അനിവാര്യതയായിരിക്കു ന്നത് ഇക്കാരണത്താലാണ്.

ഒരു ഭാഷയുടെ വികാസത്തിന്റെ മാനദണ്ഡം ആ ഭാഷയിലെ റഫറൻസ് ഗ്രന്ഥങ്ങളുടെ മൂല്യവും എണ്ണവുമാണ്. പ്രപഞ്ചത്തിലെ സമസ്തവിജ്ഞാനവും സാധാരണക്കാർക്ക് മനസ്സിലാകുന്ന ശൈലിയിൽ മാതൃഭാഷയിൽ നൽകുക എന്നതാണ് സംസ്ഥാന സർവവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ടിന്റെ മുഖ്യലക്ഷ്യം. ഇക്കാര്യത്തിൽ മലയാളഭാഷയെ ധന്യമാക്കാൻ ഇൻസ്റ്റിറ്റ്യൂട്ടിനു കഴിഞ്ഞു എന്നതിൽ അഭിമാനിക്കുന്നു. ഉൾപ്പെടുത്തുന്ന ശീർഷകങ്ങളിൽ മറ്റു വിജ്ഞാനകോശങ്ങളിൽനിന്നു വ്യത്യസ്ഥമായി ഇന്ത്യയ്ക്കും കേരളത്തിനു പ്രത്യേകിച്ചും ഊന്നൽ നൽകണമെന്നത് ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരണ ങ്ങളുടെ പ്രത്യേക ശൈലിയാണ്.

## ഇൻസ്റ്റാൾമെന്റ് പദ്ധതി

100 രൂപ അടച്ച് ഏതൊരാൾക്കും ഇൻസ്റ്റാൾമെന്റ് പദ്ധതിയിൽ അംഗമാകാം. തുടർന്ന്, 100 രൂപയോ അതിന്റെ ഗുണിതങ്ങളോ ആയി ആവശ്യമുള്ള ഗ്രന്ഥങ്ങളുടെ വില അടച്ചുതീർത്താൽ, ഓരോ വാല്യത്തിന്റെയും ഡിസ്കൗണ്ട് കഴിച്ചുള്ള വില തികയുമ്പോൾ പുസ്തകം ലഭ്യമാകും. പുസ്തകമെത്തിക്കുന്നതിനുള്ള തപാൽച്ചെലവ് അംഗങ്ങൾതന്നെ വഹിക്കേണ്ടതാണ്.

# 4,00,000 ത്തിലധികം കോപ്പികൾ വിറ്റഴിഞ്ഞ വിജ്ഞാനകോശ ഗ്രന്ഥങ്ങൾ

## സർവവിജ്ഞാനകോശം
(20 വാല്യങ്ങൾ)

സർവവിജ്ഞാനകോശം പരമ്പരയിലൂടെ വിജ്ഞാനം 20 വാല്യങ്ങളിൽ സമ്പൂർണമായി ഉൾക്കൊള്ളിക്കുകയാണ്. നാല്പതിനായിരത്തോളം ശീർഷകങ്ങൾ. ഡിമൈ 1/4 വലുപ്പത്തിൽ 800-ൽപ്പരം പേജുകളിലായാണ് ഓരോ വാല്യവും സംവിധാനം ചെയ്യുക. അക്ഷരമാലാക്രമത്തിലാണ് വിഷയങ്ങൾ അടുക്കിയിട്ടുള്ളത്. ഇതുവരെ 17 വാല്യങ്ങൾ പ്രസിദ്ധീകരിച്ചുകഴിഞ്ഞു.

1



## വിശ്വസാഹിത്യവിജ്ഞാനകോശം
(10 വാല്യങ്ങൾ)

ലോകസാഹിത്യ സംബന്ധിയായ മുപ്പതിനായിരത്തിൽപ്പരം ശീർഷകങ്ങളാണ് ഈ ഗ്രന്ഥപരമ്പരയിൽ ഉണ്ടാകുക. വിശ്വസാഹിത്യവിജ്ഞാനകോശം 10 വാല്യങ്ങൾ പ്രസിദ്ധീകരിച്ചുകഴിഞ്ഞു. ഏതൊരു മലയാളി വായനക്കാരനും ഗ്രഹിക്കത്തക്കവിധം ലളിതമായി ലേഖനങ്ങൾ സംവിധാനം ചെയ്തിട്ടുള്ള ഈ ഗ്രന്ഥം സ്കൂൾ-കോളജ് വിദ്യാർഥികൾക്കും അധ്യാപകർക്കും ഏറെ പ്രയോജനപ്രദമാണ്.

2



## പരിസ്ഥിതിവിജ്ഞാനകോശം
(ഏകവിഷയവാല്യം)

പരിസ്ഥിതിയെക്കുറിച്ചും ജൈവവൈവിധ്യത്തെക്കുറിച്ചും ആഴത്തിൽ പ്രതിപാദിക്കുന്ന വിജ്ഞാനകോശം-
മുഴുനീള ബഹുവർണ ചിത്രങ്ങൾ, ആധികാരിക പഠനങ്ങൾ.
ഡിമൈ 1/4 സൈസ്.
ബഹുവർണ ചിത്രങ്ങളോടെ 840-പേജ്.
മുഖവില: 700 രൂപ



3

# ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരണങ്ങൾ

## ജ്യോതിശ്ശാസ്ത്ര വിജ്ഞാനകോശം
(ഏകവിഷയവാല്യം)

പ്രപഞ്ചോത്പത്തിയെയും വികാസത്തെയും അപഗ്രഥിക്കുന്ന മഹാസിദ്ധാന്തങ്ങൾ, ഗ്രഹാന്തര ജീവൻ തേടിയുള്ള നിരന്തരമായ അന്വേഷണങ്ങൾ, വിഖ്യാതരായ ജ്യോതിശ്ശാസ്ത്രജ്ഞർ, പ്രപഞ്ച പ്രതിഭാസങ്ങൾ, ജ്യോതിശ്ശാസ്ത്ര ചരിത്രം, ജ്യോതിശ്ശാസ്ത്രശാഖകൾ, ബഹിരാകാശ പര്യവേക്ഷണ ചരിത്രം, ബഹിരാകാശയാത്രകൾ, ജ്യോതിശ്ശാസ്ത്ര പഠനോപകരണങ്ങൾ, പ്രശസ്ത വാനനിരീക്ഷ ണാലയങ്ങൾ, ജ്യോതിശ്ശാസ്ത്ര പഠനകേന്ദ്രങ്ങൾ, ജ്യോതിശ്ശാസ്ത്ര സോഫ്റ്റ് വെയറുകൾ, ഭാരതീയ ജ്യോതിശ്ശാസ്ത്രചരിത്രം, കേരളീയ ജ്യോതിശ്ശാസ്ത്രചരിത്രം തുടങ്ങി ജ്യോതിശ്ശാസ്ത്ര സംബന്ധിയായ സമസ്തവിഷയങ്ങളിലേക്കും കൺതുറക്കുന്ന ഒരു വൈജ്ഞാനിക ജാലകം. പൂർണമായും ആർട്ട് പേപ്പറിൽ ബഹുവർണ ചിത്രങ്ങളോടെ
704 പേജ്. ഡിമൈ 1/4 സൈസ്.
മുഖവില: 900 രൂപ

4



## പരിണാമവിജ്ഞാനകോശം
(ഏകവിഷയവാല്യം)

ജീവന്റെ ഉത്പത്തിയും പരിണാമവും സംബന്ധിച്ചുള്ള അറിവുകൾ സമഗ്രമായി പ്രതിഫലിപ്പിക്കുന്ന മലയാളത്തിലെ പ്രഥമ ആധികാരിക ഗ്രന്ഥം. ഡാർവിന്റെയും പിൽക്കാല ശാസ്ത്രജ്ഞരുടെയും പരിണാമസിദ്ധാന്തങ്ങളുടെ സമീപ ദൃശ്യങ്ങൾ, തന്മാത്രാപരിണാമം, ഭ്രൂണവികാസവും പരിണാമവും തുടങ്ങി പരിണാമ പ്രക്രിയയുടെ ആധികാരികവും ലളിത വുമായ പ്രതിപാദനങ്ങൾ, മണ്ണടിഞ്ഞുപോയ ചെറുതും ഭീമാകാരങ്ങളുമായ ജീവവംശങ്ങളുടെ സവിശദചരിത്രം, ഏകകോശ ജീവികളിൽ തുടങ്ങി മനുഷ്യൻ വരെയുള്ള ജീവജാലങ്ങളുടെ പിറവിയുടെയും പരിണാമത്തിന്റെയും പ്രതിപാദനമടങ്ങുന്ന ലേഖനങ്ങൾ, ഇന്ത്യൻ ഭാഷകളിൽ ആദ്യ ത്തേതും ലോകഭാഷകളിൽത്തന്നെ അത്യപൂർവവുമായ പരിണാമവിജ്ഞാനകോശം. ആർട്ട് പേപ്പറിൽ ബഹുവർണ ചിത്രങ്ങളോടെ. 698 പേജ്. ഡിമൈ 1/4 സൈസ്.
മുഖവില: 900 രൂപ

5



## സാംസ്കാരികം (റഫറൻസ് ഗ്രന്ഥം)

വിജ്ഞാനത്തിന്റെ വഴികളിലൂടെയുള്ള മാനവരാശിയുടെ പ്രയാണ ചരിത്രത്തിലെ അക്ഷയ ദീപങ്ങളാണ് നമ്മുടെ സാംസ്കാരിക വകുപ്പും സ്ഥാപനങ്ങളും. സാംസ്കാരിക കാര്യ മന്ത്രാലയത്തിന്റെ അധീനതയിലുള്ള വകുപ്പുകളുടെ പ്രവർത്തന പരിപാടികൾ, അക്കാദമികൾ ഇൻസ്റ്റിറ്റ്യൂട്ടുകൾ, ഭവനുകൾ, കല്പിത സർവകലാശാലയായ കേരള കലാമ ണ്ഡലം തുടങ്ങി കേരളത്തിലെ പ്രമുഖ സാംസ്കാരിക സ്ഥാപ നങ്ങളെക്കുറിച്ച് സമഗ്രമായി പ്രതിപാദിക്കുന്ന റഫറൻസ് ഗ്രന്ഥം. ഡിമൈ 1/4 സെസ് ബഹുവർണ്ണ ചിത്രങ്ങൾ,

272 പേജ്. മുഖവില: 350 രൂപ



6